LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സർക്കാർ ജീവനക്കാരുടെ ശമ്പളം പൂർണ്ണമായി ബാങ്കുകളിലേക്ക് മാറ്റാനുള്ള നീക്കങ്ങളൊന്നും സർക്കാർ സ്വീകരിച്ചിട്ടില്ല. സർക്കാർ ജീവനക്കാരുടെ ശമ്പളം അവർ അപ്രകാരം നിർദ്ദേശിക്കുന്നുവെങ്കിൽ പൊതുമേഖലാ ബാങ്ക് അക്കൗണ്ട് വഴിയും സ്വീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഭൂരിഭാഗം സർക്കാർ ജീവനക്കാരുടെയും ശമ്പളം ട്രഷറി വഴി തന്നെയാണ് നൽകിവരുന്നത്. ബാങ്കുകൾ വഴിയുള്ള ശമ്പളവിതരണംമൂലം സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയിൽ വ്യത്യാസമൊന്നും സംഭവിച്ചിട്ടില്ല.

(ബി) സർക്കാർ ഫണ്ടുകളും പൊതുമേഖലാ സ്ഥാപനങ്ങളുടെ ഫണ്ടുകളും ട്രഷറിയിൽത്തന്നെ നിലനിർത്തണമെന്നാണ് സർക്കാർ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളത്. പൊതുമേഖലാ സ്ഥാപനങ്ങൾ അവരുടെ തനത് ഫണ്ട് ട്രഷറിയിലെ പലിശയേക്കാൾ കൂടുതൽ ലഭിക്കുന്ന സാഹചര്യത്തിൽ മാത്രമേ ബാങ്കുകളിൽ നിക്ഷേപിക്കാവൂയെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ നിർദ്ദേശ ങ്ങൾക്ക് വിരുദ്ധമായി സർക്കാർ ഫണ്ടുകൾ ബാങ്കുകളിൽ നിക്ഷേപിക്കുന്നത് കണ്ടെത്താനായി ധന (പിരശോധനാ) വിഭാഗത്തിനും നിർദ്ദേശം നൽകിയിട്ടുണ്ട്. മാത്രവുമല്ല 27-3-2014-ലെ 31/2014/Fin സർക്കുലറിന്റെ ഖണ്ഡിക (ii) പ്രകാരം വാണിജ്യ ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുള്ള സർക്കാർ ഫണ്ട് തിരികെ സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണെന്ന് വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

വൺമാൻ ട്രഷറികൾ

140 (7976) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വൺമാൻ ട്രഷറികളാണ് പ്രവർത്തിക്കുന്നത് ;

(ബി) വൺമാൻ ട്രഷറികൾ കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ടോ ;

(സി) ട്രഷറികളിൽ കോർബാങ്കിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ എന്നുമുതൽ നടപ്പിൽവരുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിലവിൽ വൺമാൻ ട്രഷറികളൊന്നും തന്നെ പ്രവർത്തിക്കുന്നില്ല.

(ബി) ബാധകമല്ല.

(സി) ഇല്ല.

(ഡി) കോർബാങ്കിംഗ് നടപ്പിലാക്കുവാനാവശ്യമായ സോഫ്റ്റ്വെയർ നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞു. തിരുവനന്തപുരം ജില്ലാ ട്രഷറിയും സെക്രട്ടേറിയേറ്റ് സബ് ട്രഷറിയും തമ്മിൽ ബന്ധപ്പെടുത്തി പൈലറ്റ് ടെസ്റ്റിംഗ് ആരംഭിച്ചുകഴിഞ്ഞു. ട്രഷറി നെറ്റ്വർക്ക് നടപ്പിലാകുന്ന മുറയ്ക്ക് കോർബാങ്കിംഗ് ഏർപ്പെടുത്തുന്നതാണ്.

പിണറായിയിൽ പുതിയ സബ് ട്രഷറി

141 (7977) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധർമ്മടം നിയോജക മണ്ഡലത്തിലെ പിണറായിയിൽ ഒരു സബ് ട്രഷറി സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള പ്രൊപ്പോസൽ നിലവിലുണ്ടോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) നിലവിലില്ല.

(ബി) ഇല്ല.

(സി) ബാധകമല്ല.

കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും ധനസഹായം

142 (7978) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടുന്ന പാവപ്പെട്ട ആളുകൾക്ക് കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ചികിത്സാ ധനസഹായം അനുവദിക്കുന്നുണ്ടോ എന്ന് വിശദമാക്കുമോ ;

(ബി) കേരളത്തിൽ ഏതൊക്കെ സ്വകാര്യ ആശുപത്രികളിൽ ചികിത്സിക്കുന്നവർക്കാണ് പ്രസ്തുത ധനസഹായം ലഭിക്കുന്നത്, ജില്ല തിരിച്ച് സ്വകാര്യ ആശുപത്രികളുടെ പേരും, ഏതൊക്കെ രോഗത്തിനാണെന്നും വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly